ലൂക്കാ 19 : 1 – 10

**2024 ഫെബ്രുവരി 18**

# വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

## കുറിയ മനുഷ്യൻ കണ്ടെത്തിയ കുറുക്കുവഴി

നഷ്ടപ്പെട്ടു പോകുന്നവരെ അന്വേഷിച്ച് കണ്ടെത്തി രക്ഷിക്കുന്ന യേശുവിനെയാണ് സക്കേവൂസിന്റെ സംഭവത്തിൽ നാം ദർശിക്കുന്നത്. ലൂക്കായുടെ സുവിശേഷം 15–ാം അധ്യായത്തിൽ കാണാതെ പോയ ആടിന്റെയും, നാണയത്തിന്റെയും ധൂർത്തപുത്രന്റെയും ഉപമ നാം കാണുന്നു. നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചു കണ്ടെത്തുന്ന ദൈവത്തിന്റെ ചിത്രം അവതരിപ്പിക്കുന്ന ഉപമകളാണ് ഇതെല്ലാം.

സക്കേവൂസെന്ന പേരിന് ചെറിയവൻ, നിസ്സാരൻ, നിഷ്കളങ്കൻ എന്നീ അർത്ഥതലങ്ങളുണ്ട്. പൊക്കം കുറവായിരുന്നവനെന്ന് സുവിശേഷത്തിൽ സൂചിപ്പിക്കുന്നുമുണ്ട്. ചെറിയവനെങ്കിലും ചുങ്കക്കാരിൽ പ്രധാനിയും സമ്പന്നനുമായ സക്കേവൂസ്, ദൈവരാജ്യത്തിൽ വലിയവനായിത്തീർന്ന സംഭവം നമ്മെ പ്രചോദിപ്പിക്കേണ്ടതാണ്. ദൈവരാജ്യപ്രവേശനത്തിന് സമ്പത്ത് ഒരു തടസ്സമാണെന്ന് ലൂക്കാ 18:24–27 ൽ സൂചിപ്പിക്കുന്നുണ്ട്. സമ്പത്തിന്റെ പകുതി ദരിദ്രർക്ക് കൊടുക്കുന്ന സക്കേവൂസ് രക്ഷ സ്വന്തമാക്കുന്നു.

യേശു ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നുപോവുകയായിരുന്നു എന്നു പറഞ്ഞാണ് ഇന്നത്തെ സുവിശേഷഭാഗം ആരംഭിക്കുന്നത്. യേശുവിന്റെ രക്ഷാകരമായ പ്രവേശനവും രക്ഷാകരമായ കടന്നുപോക്കും ഇവിടെ സൂചിപ്പിക്കുന്നു. യേശു കടന്നുപോകുന്ന ഇടങ്ങളിൽ പ്രവേശിക്കുന്ന ഭവനങ്ങളിൽ രോഗികൾക്ക് സൗഖ്യവും, മരിച്ചവർക്ക് ജീവനും, പാപികൾക്ക് ദൈവകൃപയും ലഭിച്ചു. യേശു സക്കേവൂസിന്റെ ഭവനത്തിൽ പ്രവേശിച്ചപ്പോൾ ആ ഭവനത്തിനും രക്ഷ കൈ വരുന്നു. രക്ഷകനായ യേശു മിശിഹായിൽ ലഭ്യമാകുന്ന രക്ഷയുടെ ഒരു സമ്പൂർണ്ണ ചിത്രം ഇവിടെ വെളിവാക്കപ്പെടുന്നുണ്ട്.

സക്കേവൂസ് ചുങ്കം പിരിക്കുന്നവരുടെ നേതാവായിരുന്നു. യഹൂദ മതഭക്തരുടെ ദൃഷ്ടിയിൽ ചുങ്കക്കാരൻ പാപിയാണ്. കാരണം അവൻ കരംപിരിച്ച് ദൈവജനത്തിന്റെ ശത്രുക്കളായ റോമൻ ഗവൺമെന്റിന് കൊടുക്കുന്നു. അതു മാത്രമല്ല, മറ്റുള്ളവരിൽ നിന്ന് അന്യായമായി ചുങ്കം പിരിക്കുന്ന പതിവും അവർക്കുണ്ടായിരുന്നു. അതിനാൽ അവരെ സമൂഹത്തിൽ ഭ്രഷ്ട് കല്പിക്കുകയും ചെയ്തിരുന്നു. അങ്ങനെ മാറ്റിനിർത്തപ്പെട്ടവൻ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു, തന്നാൽ ആവത് ചെയ്യുന്നു. കുറിയ മനുഷ്യൻ കണ്ടെത്തിയ കുറുക്കുവഴി സിക്കമൂർ മരത്തിൽ കയറി യേശുവിനെ കാണുക എന്നതായിരുന്നു. എന്തു നേടണമെങ്കിലും അതിന്റെ അടിസ്ഥാനം ആഗ്രഹമുണ്ടാവുക എന്നാണല്ലോ. യേശു സക്കേവൂസിനെയും അവന്റെ ആഗ്രഹത്തെയും പരിശ്രമത്തെയും തിരിച്ചറിഞ്ഞു. 'വേഗം ഇറങ്ങി വരിക' എന്ന വചനം, സക്കേവൂസിനെ തന്റെ ശിഷ്യത്വത്തിലേക്ക് ക്ഷണിക്കുന്ന യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്നു.

സക്കേവൂസ്, യേശുവിനെ തന്റെ ഭവനത്തിൽ അതിഥിയായി സ്വീകരിച്ചു കഴിഞ്ഞപ്പോൾ 'അവൻ എഴുന്നേറ്റു പറഞ്ഞു' എന്ന വാക്യം ശ്രദ്ധേയമാണ്. തന്റെ പ്രവൃത്തികളിലെ പശ്ചാത്താപം സക്കേവൂസ് ഇവിടെ പ്രകടമാക്കുന്നു. അന്യായമായി സമ്പാദിച്ചത് ദരിദ്രർക്ക് കൊടുക്കാൻ തീരുമാനിക്കുന്നു. യഹൂദ നിയമമനുസരിച്ച് അന്യായമായി സമ്പാദിച്ചതിന്റെ മുതലും അതിന്റെ അഞ്ചിലൊന്നും തിരിച്ചു കൊടുക്കണമെന്നാണ് അനുശാസിക്കുന്നത് (ലേവ്യ 5:16, സംഖ്യ 5:7). മോഷ്ടിച്ചെടുത്തതാണെങ്കിൽ നാലിരട്ടി കൊടുക്കണം (പുറ. 22:1, 2 സാമു. 12:6). ഇവിടെ സക്കേവൂസ് അന്യായമായി സമ്പാദിച്ചതിന്റെ നാലിരട്ടി മടക്കിക്കൊടുക്കാൻ തയ്യാറാവുന്നു, നിയമം അനുശാസിക്കുന്നതിലും കൂടുതലാണത്. പങ്കുവയ്ക്കലിന്റെയും പശ്ചാത്താപത്തിന്റെയും ഉദാത്ത മാതൃകയായി സക്കേവൂസ് മാറുകയാണ്. സക്കേവൂസിന്റെ ഹൃദയം യേശുവിലും ദരിദ്രരിലും പാപപരിഹാരത്തിലുമാണ് കേന്ദ്രീകൃതമായത്.

സക്കേവൂസിന്റെ ഭവനത്തിന് രക്ഷ വാഗ്ദാനം ചെയ്ത യേശു, 'ഇവനും അബ്രാഹത്തിന്റെ പുത്രനാണെന്ന്' സാക്ഷ്യപ്പെടുത്തുന്നു. പാപിയും സമൂഹം ഭ്രഷ്ട് കല്പിച്ചിരുന്നവനും യേശുവിലൂടെ രക്ഷ പ്രാപിക്കുന്നു. അബ്രാഹത്തിന്റെ പുത്രനായി പുനഃസ്ഥാപിക്കപ്പെടുന്നു. സക്കേവൂസിന്റെ തീർത്തും സാധാരണമായ ജീവിതത്തിലേക്ക് കടന്നുചെല്ലാൻ യേശു കാണിച്ച സ്നേഹം അവന്റെ ജീവിതത്തെയും മാനസാന്തരത്തിലേക്ക് നയിക്കുന്നു.

നഷ്ടപ്പെട്ടുപോയ ആടുകളെ അന്വേഷിച്ചു കണ്ടെത്തി രക്ഷിക്കുന്ന നല്ലഇടയനാണ് യേശുനാഥൻ (എസക്കി. 3:24, 16:22–23). യേശു കടന്നു ചെല്ലുന്നിടത്തൊക്കെ സൗഖ്യവും കരുണയും കൃപയും വർഷിച്ചതുപോലെ നാമും കടന്നു ചെല്ലുന്ന ഇടങ്ങളിൽ ദൈവസ്നേഹത്തിന്റെ സംവാഹകരും ഉപകരണങ്ങളും ആയിത്തീരട്ടെ. F